# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4112

24/10/2016-ന് മറുപടിക്ക്

## ജനപ്രതിനിധികൾ സമർപ്പിക്കുന്ന നിവേദനങ്ങൾ

| ചോദ്യം<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | | | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | എം.എൽ.എ.മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ മണ്ഡലങ്ങളിലെ വിവിധ ആവശ്യങ്ങൾക്കായി സർക്കാരിന് സമർപ്പിക്കുന്ന നിവേദനങ്ങൾ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ജനപ്രതിനിധികൾ സർക്കാരിന് നൽകുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും പ്രത്യേക പരിഗണന നൽകി യഥാസമയം മറുപടി നൽകി വരുന്നുണ്ട്. എം.എൽ.എ.മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് തുടങ്ങിയ പദ്ധതികളിൽ എം.എൽ.എ.മാർ ശിപാർശ ചെയ്യുന്ന പ്രവർത്തികൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് അക്കാര്യം എം.എൽ.എ.മാരെ യഥാസമയം ധനവകുപ്പ് അറിയിച്ച് വരുന്നുണ്ട്. സർക്കാരിൽ ലഭിക്കുന്ന നിവേദനങ്ങളിലും/ അപേക്ഷകളിലും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി നിവേദനത്തിലെ/ അപേക്ഷയിലെ വസ്തുതകൾ സംബന്ധിച്ചും സ്വീകരിച്ച നടപടികൾ സംബന്ധിച്ചും വകുപ്പദ്ധ്യക്ഷന്മാരുടെ റിപ്പോർട്ട് ആവശ്യമായി വരും. മേൽ സാഹചര്യങ്ങളിൽ സമയ ബന്ധിതമായി റിപ്പോർട്ട്/മറുപടി ലഭ്യമാക്കണമെന്നറിയിച്ച് സർക്കാരിൽ നിന്നും വകുപ്പദ്ധ്യക്ഷന്മാർക്ക് കത്ത് നൽകാറുണ്ട്. അപ്പീൽ അധികാരിയെന്ന നിലയിൽ സർക്കാർ തലത്തിൽ നടത്തുന്ന സമഗ്ര പരിശോധനയുടെ ഭാഗമായിട്ടാണ് ഇത്തരത്തിൽ റിപ്പോർട്ട് തേടുന്നത്. എം.എൽ.എ.മാർ എം.പി.മാർ തുടങ്ങിയ ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങളിലെ ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടികളും മറ്റ് വിവരങ്ങളും ജനപ്രതിനിധികളെ യഥാസമയം അറിയിക്കേണ്ട ചുമതല ഭരണ വകുപ്പിൽ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. |
| (ബി) | പ്രസ്തുത നിവേദനങ്ങളിൽ തീരുമാനമെടുക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലങ്ങളിലെ വിവിധ തട്ടുകൾ ഒഴിവാക്കി, നിവേദനങ്ങളിലെ ആവശ്യങ്ങളും ആധാരമായ വിഷയങ്ങളും സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ആഫീസർമാരെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമോ ? | | |

സെക്ഷൻ ഓഫീസർ